**2019 ഡിസംബർ 17, ഉച്ചക്ക് 02.30 ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന ഏഴാമത് കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.**

| | | | |
|---|---|---|---|
| 1. | ശ്രീ ടി കെ ജോസ് IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർമാൻ |
| 2. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>പ്രിൻസിപ്പൽ സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |
| 3. | ശ്രീ. എൻ പത്മകുമാർ, IAS<br>കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |
| 4. | ഡോ ജോയ് ഇളമൺ<br>ഡയറക്ടർ, കില | : | മെമ്പർ |
| 5. | ശ്രീ. എം.പി. അജിത്കുമാർ<br>പഞ്ചായത്ത് ഡയറക്ടറുടെ പ്രതിനിധി<br>പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം<br>തിരുവനന്തപുരം | : | മെമ്പർ |
| 6. | ധനകാര്യ സെക്രട്ടറിയുടെ പ്രതിനിധി<br>ശ്രീ. അനിൽകുമാർ എസ്<br>അഡീഷണൽ സെക്രട്ടറി<br>ധനകാര്യവകുപ്പ്, തിരുവനന്തപുരം | : | മെമ്പർ |

# ഐറ്റം നമ്പർ -01

## 17.12.2019 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്

05.07.2019 ൽ നടന്ന ആറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-1 പേജ് 3 - 53 )

**തീരുമാനം:** 05.07.2019 ൽ നടന്ന ആറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

# ഐറ്റം നമ്പർ : 02

## എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച് വിശദാംശങ്ങൾ

| ACTION TAKEN REPORT ON THE DECISION OF THE 6th EXECUTIVE COMMITTEE MEETING HELD ON 05.07.2019 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ : 03<br>**കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നത് –സംബന്ധിച്ച്**<br>തീരുമാനം: സർക്കാരിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ റൂൾ ന് സമാനമായി കിലയിലെ രണ്ട് പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുവാൻ തീരുമാനിച്ചു. അതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു<br>ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില | കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നതിനായുള്ള നയപരമായ തീരുമാനത്തിനായി 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവിനായുള്ള അപേക്ഷ 09/10/2019 തീയതിയിലെ കില/2019/101/6549/HQ നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചു |
| ഐറ്റം നമ്പർ : 04<br>**കൺസൾട്ടന്റുമാർക്കുള്ള വേതനം നിശ്ചയിക്കുന്നത് –സംബന്ധിച്ച്**<br>തീരുമാനം:കൺസൾട്ടന്റുമാർക്കുള്ള വേതനം നിശ്ചയിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അംഗീകരിച്ചു. ആവശ്യമായ നടപടി കൈക്കാള്ളുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.<br>ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില | കൺസൾട്ടന്റുമാർക്കുള്ള വേതനം നിശ്ചയിക്കുന്നതിനായുള്ള നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ : 05<br>**കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാർക്കുള്ള പ്രമോഷൻ പോളിസി തയ്യാറാക്കുന്നത് – സംബന്ധിച്ച്**<br>തീരുമാനം: കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം ജീവനക്കാരുടെ യോഗ്യത,സേവനവ്യവസ്ഥ , പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കി സമർപ്പിക്കുവാനും ആയത് തയ്യാറാക്കുന്നതിന് | കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി 09/10/2019 തീയതിയിലെ കില/2019/101/6579/HQ കത്ത് മുഖേന Indian Institute of Information |

| | |
|---|---|
| വിദഗ്ധരുടെ സേവനം ലഭ്യമാക്കാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി.<br>ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില | Technology and Management, Kerala (IIITMK) എന്ന സ്ഥാപനത്തിലെ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് കില ഡയറക്ടറും IIITMK ഡയറക്ടറുമായി സംസാരിച്ച് തുടർ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |
| **ഐറ്റം നമ്പർ : 06**<br>**കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത്- സംബന്ധിച്ച്**<br>തീരുമാനം: കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) കില ജീവനക്കാർക്ക് ബാധകമാക്കുന്നതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു<br>ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില | കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നതിനായുള്ള നയപരമായ തീരുമാനത്തിനായി 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നതിനായുള്ള അനുമതിക്കായി 09/10/2019 തീയതിയിലെ 2019/101/4081/HQ നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ : 07**<br>**KILA-CHRD (മുൻ SIRD) ൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം നിശ്ചയിക്കുന്നത് – സംബന്ധിച്ച്**<br>തീരുമാനം: മുൻ എസ്ഐആർഡിയിലെ നിയമാവലി പ്രകാരം നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലനിർത്തുവാൻ തീരുമാനിച്ചു. പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവർ കിലയിലാണ് പ്രവേശിക്കുന്നത് എന്നതിനാൽ തന്നെ കിലയുടെ നിയമാവലി ബാധകമാകമെന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വ്യക്തമാക്കി.<br>ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില | KILA-CHRD (മുൻ SIRD) ൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം നിശ്ചയിക്കുന്നത് സംബന്ധിച്ച നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ : 08**<br>**കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത്- സംബന്ധിച്ച്**<br>തീരുമാനം:<br>1. കിലയിൽ നിലവിലുള്ള സെന്റർ ഫോർ അർബൻ ഗവേർണൻസ് എന്ന നാമധേയം നിലനിർത്തുക<br>2. നഗരകാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ആസൂത്രണത്തിനപ്പുറം ഗവേർണൻസും മറ്റ് വിഷയമേഖലകളും ഉൾപ്പെടുത്തേണ്ടതാണ്.<br>3. അർബൻ ചെയർ- ലേക്ക് വിദഗ്ധരെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. താഴെപ്പറയുന്ന വിദഗ്ധരെ കൺസൾട്ടൻസി/കരാർ രീതിയിൽ | കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത്- സംബന്ധിച്ച് തീരുമാനത്തിനായി 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കായി 10/10/2019 തീയതിയിലെ കില/2019/101/6610 നമ്പർ പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

<table>
<tr>
<td>
നിയോഗിക്കുവുന്നതാണെന്നും നിർദ്ദേശിച്ചു.<br>
1. Urban Chair ( പ്രൊഫസർ റാങ്കിലുള്ളവർ)<br>
2. Senior Urban Fellow (അസോസിയേറ്റ് പ്രൊഫസർ റാങ്കിലുള്ളവർ)<br>
3. Urban Fellow ( അസിസ്റ്റന്റ് പ്രൊഫസർ റാങ്കിലുള്ളവർ)<br>
ഒരു Search committee യുടെ ശുപാർശ പ്രകാരം Urban Chair നെ നിയോഗിക്കുന്നതിനും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നടപടി മുഖാന്തരം Senior Urban Fellow, Urban Fellow എന്നിവരെ തിരഞ്ഞെടുക്കുവാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി.<br>
4. പ്രൊപ്പോസൽ പ്രകാരമുള്ള തുക നഗരസഭകളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും ഒറ്റത്തവണയായി താഴെപ്പറയും പ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുവാൻ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.
<table>
<tr><td>കോർപ്പറേഷൻ<br>5 ലക്ഷം രൂപ വീതം ഓരോ കോർപ്പറേഷനും</td><td>30,00,00 രൂപ<br>(500000*6 nos.)</td></tr>
<tr><td>പഴയ മുനിസിപ്പാലിറ്റികൾ<br>300,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും</td><td>1,77,00,000 രൂപ<br>(3,00,000*59 nos.)</td></tr>
<tr><td>പുതിയ മുനിസിപ്പാലിറ്റികൾ<br>1,00,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും</td><td>28,00,000 രൂപ<br>(1,00,000*28 nos)</td></tr>
</table>
ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില
</td>
<td>കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിനായി 05/07/2019 ലെ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം നഗരസഭകളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും ഒറ്റത്തവണയായി വിഹിതം ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ നടപടിക്കായി 12/08/2019 ന് കില/2019/101/5292/HQ നമ്പർ അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>
<u>ഐറ്റം നമ്പർ : 09</u><br>
<u>ഓഡിറ്റ് റിപ്പോർട്ട്: 2018-19</u><br>
തീരുമാനം: 2018-19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ M/s SKV Associates , Chartered Accountants, Thrissur എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിച്ച് ഒപ്പ് വെച്ച ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. ആയത് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.
</td>
<td>27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൌൺസിൽ മുമ്പാകെ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുകയും വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. നടപടി പൂർത്തീകരിച്ചു</td>
</tr>
</table>

| | |
|---|---|
| ചുമതല: ആർ. ഗിരിജാദേവി, ഫിനാൻസ് ആന്റ് അക്കൌണ്ട്സ് ഓഫീസർ, കില | |
| **ഐറ്റം നമ്പർ : 10**<br>**2019-20 സാമ്പത്തികവർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്**<br>തീരുമാനം: 2019-20 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു, എന്നാൽ ബജറ്റ് പ്രോഫോർമയിൽ മാറ്റം വരുത്തുവാൻ നിർദെശിച്ചു. ബജറ്റ് പ്രോഫോർമയിൽ നിർദെശിച്ച മാറ്റം വരുത്തുകയും ആയത് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാനും തീരുമാനിച്ചു.<br>ചുമതല: ആർ. ഗിരിജാദേവി, ഫിനാൻസ് ആന്റ് അക്കൌണ്ട്സ് ഓഫീസർ, കില | 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൌൺസിൽ മുമ്പാകെ 2019-20 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ : 11**<br>**കില പരിശീലന കലണ്ടർ 2019-20 ഇതോടൊപ്പം സമർപ്പിക്കുന്നു**<br>തീരുമാനം: 2019-20 സാമ്പത്തിക വർഷത്തിലേക്കുള്ള പരിശീലന കലണ്ടർ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു (**അനുബന്ധം- IX**). | നടപടി പൂർത്തീകരിച്ചു. |

## PENDING ACTIONS *ON THE DECISIONS OF THE PREVIOUS EXECUTIVE COMMITTEE MEETINGS*

**ACTION TAKEN REPORT ON THE DECISION OF THE 5th EXECUTIVE COMMITTEE MEETING HELD ON 04.01.2019**

| Executive Committee Decision | Action Taken |
|---|---|
| ഐറ്റം നമ്പർ : 04<br>**കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS)നടപ്പാക്കുന്നത് - സംബന്ധിച്ച്**<br>തീരുമാനം : കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് South Indian Bank സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചുകൊണ്ട് South Indian Bank മുഖാന്തിരം കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് അംഗീകരിച്ചു. ആയത് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനും തീരുമാനിച്ചു.<br>ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS)നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം South Indian Bank മുഖാന്തിരം കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് അംഗീകരിക്കുകയും തുടർനടപടികൾക്കായി കില ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ South Indian Bank മായി MoU ഒപ്പുവെച്ച് തുടർനടപടികൾ കൈക്കൊണ്ടു. |
| ഐറ്റം നമ്പർ : 7<br>**ഡോ.ഉമ്മൻ ജോൺ , പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ ) വിരമിക്കുമ്പോൾ ഒഴിവുണ്ടാകുന്ന തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച്**<br>തീരുമാനം : അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കാൻ തീരുമാനിച്ചു. താഴെപ്പറയുന്ന യോഗ്യതകൾ മാനദണ്ഡമാക്കാൻ തീരുമാനിച്ചു.<br>അടിസ്ഥാന യോഗ്യത :<br>1. പബ്ലിക് അഡ്മിനിസ്ട്രേഷനിലോ പബ്ലിക്ക് ഫിനാൻസിലോ ബിരുദാനന്തര ബിരുദം / MBA in Finance അല്ലെങ്കിൽ Organisation Development (regular course)<br>2. പി.എച്ച്.ഡി<br>3. ഉയർന്ന നിലവാരമുള്ള പ്രസിദ്ധീകരിച്ച കൃതികൾ - UGC ലിസ്റ്റുചെയ്തിരിക്കുന്ന ജേർണലുകളിലോ അന്തർദേശീയ അംഗീകാരമുള്ള ജേർണലുകളിലോ ചുരുങ്ങിയത് 5 ഗവേഷണ പ്രസിദ്ധീകരണങ്ങളെങ്കിലും<br>4. കംപ്യൂട്ടർ പരിജ്ഞാനം | അസിസ്റ്റന്റ് പ്രൊഫസർ(Public Administration) സ്ഥിരം തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അവസാന തീയതിയായ 25.06.2019 നുള്ളിൽ 19 അപേക്ഷകൾ ലഭിച്ചു. അപേക്ഷകൾ പരിശോധിച്ച് 11 അപേക്ഷകരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. തുടർ പരിശോധനയിൽ ടി അപേക്ഷകരുടെ എണ്ണം രണ്ടായി ചുരുങ്ങുകയും സാങ്കേതികമായി തിരഞ്ഞെടുപ്പ് ബുദ്ധിമുട്ടായതിനാൽ പ്രസ്തുത വിഷയം 27/08/2019-ൽ നടന്ന ഗവേണിംഗ് കൌൺസിലിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. |

| | |
|---|---|
| പ്രവൃത്തി പരിചയം :<br>1. അംഗീകൃത വിദ്യാഭ്യാസ/പരിശീലന സ്ഥാപനങ്ങളിൽ കുറഞ്ഞത് 5 വർഷത്തെ അധ്യാപന/പരിശീലക പരിചയം<br>2. ദേശീയ/അന്തർ ദേശീയ സെമിനാർ/ശില്പശാലകളിലെ പങ്കാളിത്തം.<br>3. തദ്ദേശ ഭരണത്തിലോ ലോക്കൽ ഫിനാൻസിലോ കുറഞ്ഞത് 2 വർഷം ഗവേഷണ പരിചയമോ ഇതേ വിഷയങ്ങളിൽ പരിശീലകനെന്ന നിലയിലുള്ള പരിചയമോ.<br>4. മലയാള ഭാഷാ പരിജ്ഞാനം | അപേക്ഷകർക്ക വേണ്ട യോഗ്യതകൾ പുനപ്പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കാനും ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ 30/10/2019-ൽ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ 28 അപേക്ഷകളുടെ ആദ്യഘട്ടപരിശോധന നടത്തി 10 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുമുണ്ട്. ടിയാളുകളുടെ യോഗ്യതകൾ സംബന്ധിച്ച അന്തിമപരിശോധനയ്ക്കായി രേഖകൾ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ടി ജോലി നിർവ്വഹിക്കുന്നതിന് Expert Committee-യെ നിയോഗിച്ചിട്ടുമുണ്ട്. നിയമന നടപടികൾ കാലവിളംബം കൂടാതെ പൂർത്തിയാക്കുന്നതാണ്. |
| ഐറ്റം നമ്പർ : 8<br><br>**കിലയിലെ ക്ലാസ് മുറികൾ, താമസ സൗകര്യങ്ങൾ എന്നിവക്ക് നിലവിലുള്ള നിരക്കിൽ നിന്ന് ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച്**<br><br>തീരുമാനം : കിലയിലെ പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള ഭൗതിക സൗകര്യങ്ങളായ ക്ലാസ് റൂം, താമസ സൗകര്യം, ഭക്ഷണം എന്നിവയ്ക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിച്ച് നൽകിയിട്ടുള്ള നിരക്ക് തന്നെ തുടരാൻ തീരുമാനിച്ച് കില ഡയറക്ടർക്ക് നിർദ്ദേശം നൽകി<br><br>ചുമതല : ഫിനാൻസ് ആന്റ് അക്കൌണ്ട്സ് ഓഫീസർ, കില | നടപടി സ്വീകരിച്ചു |
| ഐറ്റം നമ്പർ : 12<br>**Kerala Irrigation Infrastructure Development Co-orporation Ltd (KII DC) Thiruvananthapuram മുഖേന മുൻ എസ്.ഐ.ആർ.ഡി യിൽ നടത്തുന്ന നിർമ്മാണ പ്രവർത്തികളിലെ കാലതാമസം നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്**<br>തീരുമാനം : നിർമ്മാണ പ്രവർത്തികളുടെ പ്രോഗ്രസ് ഷെഡ്യൂളും പ്ലാൻ ഷെഡ്യൂളും ആവശ്യപ്പെടുന്നതിനും Kerala Irrigation Infrastructure Development Co-orporation Ltd (KIIDC) യുടെ മാനേജിംഗ് ഡയറക്ടർ, അഡീഷണൽ ചീഫ് സെക്രട്ടറിയുമായി നേരിട്ട് ചർച്ച ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനും ശ്രീമതി. വനജാ കുമാരി, റീജണൽ ഡയറക്ടറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു<br>ചുമതല : റീജണൽ ഡയറക്ടർ, കൊട്ടാരക്കര | സെക്യൂരിറ്റി കാബിൻ, ഗേറ്റ്, ഹോസ്റ്റലിലേക്ക് മേൽപ്പാത നിർമ്മാണം, നടപ്പാത ഇന്റർലോക്ക് പാകൽ തുടങ്ങിയ പ്രവൃത്തികൾ KIIDC ആരംഭിച്ച വിവരവും ചർച്ചയുടെ ആവശ്യം നിലനിൽക്കുന്നില്ല എന്ന വിവരവും 17/05/2019 ലെ 2018/101/3874/CHRD കത്ത് മുഖേന സർക്കാരിനെ അറിയിച്ചിരുന്നു. ടി പ്രവർത്തികൾ ഏജൻസി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളോട് അനുബന്ധിച്ച് പൂർത്തിയാക്കേണ്ടവ |

| | |
|---|---|
| | • ഗേറ്റിനോട് ചേർന്ന വശം കെട്ടി പൂർത്തീകരിക്കൽ,<br><br>• മതിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ,<br><br>• ഇടറോഡിനു കുറുകെ മിനിഗേറ്റ് സ്ഥാപിക്കൽ തുടങ്ങിയവയാണ്..<br><br>ടി പ്രവർത്തികൾ പൂർത്തീകരിച്ച് Expenditure Statement, UC എന്നിവ സമർപ്പിക്കുവാൻ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. (കത്ത് നം2018/101/3874/CHRD തീയതി 30/08/2019, 11/10/2019 & 27/11/2019) കൂടാതെ 3/12/2019-ൽ ടി ഏജൻസിയിൽ നേരിട്ട് വിവരം അന്വേഷിക്കുകയും ഡിസംബർ മാസത്തിൽത്തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് ഏജൻസി അനൗദ്യോഗികമായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

| PENDING ACTIONS ON THE DECISION OF THE 2nd EXECUTIVE COMMITTEE MEETING HELD ON 30.4.2018 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ***Item No. 2 ACTION TAKEN REPORT ON THE DECISIONS OF THE EXECUTIVE* COMMITTEE *HELD ON 29.08.2017*** | |
| 1. Set the compound boundary for KILA, Kottarakara Centre.<br>The Executive committee dated 24-10-2018 suggested to take action to get the Pattayam of the land and correct the boundary line in a clear cut way with<br>1) Marking boundary with stones and proper fencing<br>2) Corner lines to be fixed with the help of GPS techniques<br>3) Temporary fencing should be done immediately where severe encroachment is seen<br>4) Steps to install Bio fencing using plants like Bamboo, Hibiscus, Konna etc<br>5) To take action for developing vegetation on the land utilizing the support of Kudumbasree/Agri.Dept.<br>Action by –Smt. Vanajakumari, Regional Director ,Kottarakkara | As per the decisions, the actual area of land owned by KILA-CHRD has been identified with the help of survey Dept and a letter has been issued to the Asst. Ex. Engineer, LSGD Division Kottarakara requesting to take and furnish detailed estimate for fixing wired fencing where it needs. (Letter No.2018/101/4229/CHRD dated 04/11/2019)<br>The Rubber trees are tendered on 27.05.2019 for an amount of Rs. 9.75 lakhs and completed the work. The process to cultivate crops(including fruit trees) in the land with the help of Agricultural Department/Kudumbasree Mission/MGNREGS workers to be commenced after finalizing the fixing of fencing works. |
| ***Item No.05 :Transfer of ownership of vehicles of KILA- CTDNRM Agali*** | |
| 1. Executive committee decided to retain the following vehicles and transfer the ownership to the Director KILA. | New agenda is placed as Item No-3 before the Executive Committee meeting held on 7.12.2019. |

| | |
|---|---|
| 1. KL-50-4850, Scorpio/<br>2. KL-50-4705, Bolero/<br>3. KL-50-2650, Mahindra Jeep/<br>4. KL-50-2644, Mahindra Jeep /<br>5. KL-50-4521,Tata Safari/<br>6. KL-50-2655, Mahindra Jeep. | |
| 2.All other vehicles should be auctioned as per rules after receiving assent from PWD Mechanical wing – 16 Nos. | |
| **Item No. 11 :Merging the Extension Training Centers with KILA – follow up** | |
| **Decision** | |
| The Executive Committee authorized the Director, KILA, to submit a proposal before the Government for approval. Ownership of land, buildings and other equipment's other than those purchased by KILA, are to be kept as the property of the Commissioner of Rural Development. | |
| Expedite the action from the part of Government on the request made by the Director KILA as per EC decision. | Request letter submitted to Government. vide letter number 2018/101/3335 dated 28/07/2018 |
| | |

| **ACTION TAKEN REPORT ON THE DECISION OF THE 3rd EXECUTIVE COMMITTEE MEETING HELD ON 09.08.2018** | |
|---|---|
| ***ITEM NO.06 :REGISTRATION OF LAND ALLOTTED TO ERSTWHILE SIRD (NOW KILA) FROM THE PROPERTY OF ETC, KOTTARAKARA*** | |
| ***Decision*** | |
| *Executive Committee suggested to look into the options of getting Pattayam instead of registering the land.*<br><br>The Executive committee dated 24-10-2018, decided to expedite the action in getting Pattayam to the land owned by KILA-CHRD Kottarakkara.<br><br>***Action by: Smt. Vanajakumari , Regional Director ,Kottarakkara*** | As per the direction issued by Hon'ble Minister for LSGD on 28/08/2019,necessary documents and application has been submitted to the Thahasildar, Kottarakara requesting to rectify the area of land owned by KILA-CHRD.<br><br>Accordingly the work has been completed by them including fixing of boundary stones and the Thahsildar(Land Survey),Kottarakara has furnished detailed sketch of the land owned by KILA-CHRD.(Letter No.B14-16635/18 dtd 23/10/2019)<br><br>As per the records furnished by the Thahasidar,**7.6404 Hector (18.87 Acre)** land is owned by KILA-CHRD in the premises of KILA-CSED(erstwhile ETC) Kottarakara. Govt order is necessary for registering the land in the name of Director,KILA. |
| ***ITEM NO. 09 :CONSTRUCTION OF BUILDINGS ENTRUSTED TO M/S.HABITAT TECHNOLOGY GROUP, THIRUVANANTHAPURAM*** | |
| ***Decision*** | |
| *Decided to collect the explanation from former Directors of erstwhile SIRD through Commissioner of Rural Development and examine it and put up to next Executive Committee. Regional Director is entrusted to issue letter to intimate Habitat to terminate from contract no further payments to be granted.*<br><br>The Executive committee dated 24-10-2018, decided to expedite the action to settle the issue.<br>***Action by: Smt. Vanajakumari, Regional Director, Kottarakkara*** | Letter to Commissioner for Rural Development vide letter no. 2018/101/431/CHRD dated 21/10/2018 was sent.<br><br>Letter addressed to Chairman, Habitat vide letter no. 2018/101/4310/CHRD dated 15/10/2018was sent. Reminder letter was sent on 7.12.2018. Reply from their part is yet to be received. The matter has been discussed in the Ex.Com.meeting held on 04/01/2019 and decided to conduct meeting at Govt level to sort out the issue. Accordingly a meeting has been conducted on 03/12/2019 in the chamber of Addl.Chief Secretary,LSGD. Dr.Sankar, Chairman, Habitat Technology Group attended the meeting and ACS,LSGD discussed the matter with him..Minutes of the meeting is yet to be received. |

| ACTION TAKEN REPORT ON THE DECISION OF THE 4th EXECUTIVE COMMITTEE MEETING HELD ON 24.10.2018 | |
|---|---|
| **ITEM NO. 4**<br>**Filling up of posts Research Associates** | |
| **Decision**<br><br>Executive Committee considered the proposal and decided the following:<br><br>Essential Qualification to be modified to include:<br><br>Post-Graduation in Mathematics/Statistics/in any other subject but with first class Graduation Mathematics/Statistics with Computer proficiency and knowledge and experience in using statistical package or statistical software.<br><br>Desirable:<br><br>Proficiency in Data base Management/Software/Big data Analytics Data Mining | Advertisement was given in 2 Malayalam dailies and 1 English newspaper in November 2018. Out of the applications received in response to the advertisement, 33 candidates were found to be qualified for the post. In order to shortlist the candidates, we had approached the Dr. John Mathai Centre to conduct the online test. As no reply is received from Dr John Mathai Centre in this regard, the LBS Centre was approached for conducting the online test. They have agreed to conduct the test on behalf of KILA at Thiruvanthapuram Centre. The questions for the Test will be from the following area/topic<br><br>1. Questions related with Public Administration / Political Science / Rural Development /Planning - 30 marks<br>2. Questions related with Mathematics/Statistics - 30 marks<br>3. Questions for computer proficiency: (Database Management / Software/Big data Analysis/Data mining) - 15 marks<br><br>Test conducted by LBS Centre of Science & Technology on 18.8.2019. On receipt of the Result of the Test the first three candidates were called for an Interview on 24.9.2019 at State Planning Board TVPM. The selection committee / interview board recommended the following candidates in the order of their merits for the selection of the post |
| Pastexperience in Data Processing/Data Analysis<br><br>Age limit:- 21-40 Years<br><br>Remuneration:- Rs.40,000/- per month (Consolidated)<br><br>***Action by: Director, KILA*** | • Sri. Sandeep. G ( Rank I)<br>• Smt. Anupriya Mohan (Rank II)<br><br>Sri. Sandeep. G has been appointed for the post of Contract basis with effect from 15.10.2019 and joined on 15.10.2019. |

| | |
|---|---|
| **Filling up the Post of Assistant Professor, vacant on deputation to TISS**<br><br>Executive committee suggested that the selection process to be completed on or before 30th November 2018 by conducting Online test, Group discussion and Interview. It is also decided to constitute a Interview Board with the following members for the selection:<br><br>i) A senior Official from LSGD (from Commissionerate of Rural Development / Directorate of Panchayath/ Directorate of Urban Affair)<br>ii) National level expert<br>iii) A subject Expert from high level academic institution of Kerala like University<br><br>iv) Expert from State Planning Board<br><br>***Action by –Director, KILA*** | Advertisement was given in 2 Malayalam dailies and 1 English news paper in November 2018. Out of the applications received in response to the advertisement, 27 candidates were found to be qualified for the post. In order to shortlist the candidates, we had approached the Gulati Institute of Finance & Taxation, to conduct a test. However they had intimated their inability to conduct the examination. Then though Dr. John Mathai Centre was requested to conduct the online test, initially they agreed. However after 4 months they informed their inability to conduct the online test by their own as it is the sole discretion of Calicut University. In the context, the LBS Centre was approached for the purpose.<br><br>Test conducted by LBS Centre of Science & Technology on 10.11.2019 and forwarded the result of the Test.<br><br>In the meantime Government issued order vide G O (Rt) No. 2742/LSGD dated 4.12.2019 cancelling the deputation of Dr. Abey George, Associate Professor, KILA. In this circumstance the recruitment to this position need not be considered. |
| **ITEM NO. 5**<br>***Filling up the vacant / Deputation / Daily Wage posts in KILA Kottarakkara Centre*** | |
| **Decision** | |
| Executive Committee discussed the matter in detail and suggested to place the matter in the next Governing Council with the following remarks:<br><br>1) The qualification for the post | കൊട്ടാരക്കര സെന്ററിലെ നിലവിലുള്ള തസ്തികകൾ സംബന്ധിച്ച എക്സിക്യൂട്ടിവ് കമ്മിറ്റി നിർദ്ദേശിച്ചത് അനുസരിച്ച് 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയതിന്റെ തീരുമാനം ചുവടെ ചേർക്കുന്നു.<br><br>*കൊട്ടാരക്കര സെന്ററിലെ (മുൻ എസ്.ഐ.ആർ.ഡി)* |

| | |
|---|---|
| of Assistants should be fixed as Post Graduation and proficiency in Computer.<br>2) The qualification for the post of Typist/Data Entry Operator/Driver & other Last Grade employees except PTS should be fixed as Plus Two with Certificate /Licence in the relevant field.<br>3) Three Assistant posts should be filled up on contract basis.<br>4) Deputation to the existing posts not to be encouraged except in the cadre of Office Manager. The posts in which the employees working on deputation basis to be filled up on contract basis as and when they complete their current term of deputation.<br>***Action by: Director, KILA*** | *തസ്തികകളിലെ നിയമനം സംബന്ധിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശകൾ വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിച്ച തസ്തികകളിൽ നിയമനം നടത്തുവാനും തീരുമാനിച്ചു.*<br><br>*1. അസിസ്റ്റന്റ്, UD അക്കൌണ്ടന്റ്കം കാഷ്യർ . കോൺഫിടൻഷ്യൽ അസിസ്റ്റന്റ് ,ഹോസ്റ്റൽ മാനേജർ എന്നി തസ്തികകളുടെ അടിസ്ഥാന യോഗ്യത ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമായി നിജപ്പെടുത്തി. കമ്പ്യൂട്ടർ പരിജ്ഞാനം സംബന്ധിച്ച വിശദംശങ്ങൾ തീരുമാനിക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഒഴിവുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുവാൻ തീരുമാനിച്ചു. ആദ്യപടിയായി നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിലും വിവിധ ബോർഡുകൾ ,കോർപറേഷനുകൾ , സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരിൽ തല്പര്യമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച നിയമന നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ പ്രക്രിയയിൽ നിന്ന് ലഭ്യമാകുന്നില്ലെങ്കിൽ കിലയിലെ നിയമാവലി പ്രകാരം നിയമനം നടത്തുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി*<br><br>*2. ടൈപിസ്റ്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ ,വാച്ചമാൻ, മറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികളിൽ (പാർട്ട് ടൈം സ്വീപ്പർ ഒഴികെ) അടിസ്ഥാന യോഗ്യത പ്ലസ് ടു, ബന്ധപ്പെട്ട മേഖലയിലെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കേറ്റ്/ ലൈസൻസ് എന്നിങ്ങനെ ആക്കി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.* |

**തീരുമാനം:**

**എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തി**

# ഐറ്റം നമ്പർ -03

**കില സിടിഡിഎൻആർഎം, അഗളി സെന്ററിലുള്ള വാഹനങ്ങൾ – സംബന്ധിച്ച്**

16/03/2017 ലെ സ.ഉ (കൈ) 57/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അഹാഡ്സ്-സിസിപിആർഎം ഡിസോൾവ് ചെയ്ത് ഉപാധികളില്ലാതെ കിലയിൽ ലയിപ്പിച്ചിട്ടുള്ളതാണ് (അനുബന്ധം- 2 പേജ് 73 ) .മുൻ അഹാഡ്സ്- സിസിപിആർഎം ന്റെ ഉടമസ്ഥതയിലുള്ള 22 വാഹനങ്ങളുടെ വിശദവിരങ്ങൾ താഴെക്കൊടുക്കുന്നു.

| # | Vehicle No | Maker Class | Type of Vehicle | Year of Manufacture | Year of Registration | Remarks |
|---|---|---|---|---|---|---|
| 1 | KL-50-4850 | Scorpio | Scorpio | 2008 | 15-Apr-08 | 4 Wheeler |
| 2 | KL-50-4705 | MAHINDRA BOLERO | Bolero | 2008 | 24-Mar-08 | 4 Wheeler |
| 3 | KL-50-2650 | CL 550 MD 4 WD | Jeep | 2007 | 27-Apr-07 | 4 Wheeler |
| 4 | KL-50-2644 | CL 550 MD 4 WD | Jeep | 2007 | 27-Apr-07 | 4 Wheeler |
| 5 | KL-09-H-6722 | MAHINDRA CL500MDI | Jeep | 2001 | 17-Mar-01 | 4 Wheeler |
| 6 | KL-09-H-6721 | MAHINDRA CL500 MDI | Jeep | 2001 | 17-Mar-01 | 4 Wheeler |
| 7 | KL-09-H-6720 | MAHINDRA MARSHAL 2000 | Marshal | 2001 | 17-Mar-01 | 4 Wheeler |
| 8 | KL-50-4521 | TATA SFARI 4 X 4 | TATA SAFARI | 2008 | 16-Feb-08 | 4 Wheeler |
| 9 | KL-09-F-8468 | MAHINDRA & MAHINDRA | Armada Grand | 1999 | 31-Dec-99 | 4 Wheeler |
| 10 | KL-11-F-9304 | TATA | TATA SUMO | 1997 | 22-Sep-97 | 4 Wheeler |
| 11 | KL-09-J-5073 | HINDUSTAN MOTORS LTD | Ambassador Diesel Car | 2001 | 04-Aug-01 | 4 Wheeler |
| 12 | KL-50-2655 | CL 550 MD 4 WD | Jeep | 2007 | 27-Apr-07 | 4 Wheeler |
| 13 | KL-09-H-328 | BAJAJ AUTO LTD | Caliber | 2000 | 09-Oct-00 | 2 Wheeler |
| 14 | KL-09-H-137 | HERO HONDA MOTORS LTD | STREET DELUX | 2000 | 08-Aug-00 | 2 Wheeler |
| 15 | KL-09-H-6686 | ROYAL ENFIELD MOTORS | Bullet | 2001 | 03-Mar-01 | 2 Wheeler |
| 16 | KL-09-H-6687 | ROYAL ENFIELD MOTORS | Bullet | 2001 | 03-Mar-01 | 2 Wheeler |
| 17 | KL-09-G-4740 | ROYAL ENFIELD MOTORS | Bullet | 2000 | 03-Mar-00 | 2 Wheeler |
| 18 | KL-09-H-6685 | ROYAL ENFIELD MOTORS | Bullet | 2001 | 03-Mar-01 | 2 Wheeler |
| 19 | KL-09-H-6689 | ROYAL ENFIELD MOTORS | Bullet | 2001 | 03-Mar-01 | 2 Wheeler |
| 20 | KL-09-G-4738 | ROYAL ENFIELD MOTORS | Bullet | 2000 | 03-Mar-00 | 2 Wheeler |
| 21 | KL-09-G-4739 | ROYAL ENFIELD MOTORS | Bullet | 2000 | 03-Mar-00 | 2 Wheeler |
| 22 | KL-09-H-6690 | ROYAL ENFIELD MOTORS | Bullet | 2001 | 03-Mar-01 | 2 Wheeler |

മേൽ വിഷയം 30/04/2018 ലെ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയുമുണ്ടായി.

മുൻ അഹാഡ്സ്- സിസിപിആർഎം ന്റെ ഉടമസ്ഥതയില്ലുള്ള വാഹനങ്ങളുടെ ഉടമസ്ഥാവകാശം കില ഡയറക്ടർക്ക് കൈമാറാനുള്ള നടപടികൾ കൈക്കൊള്ളുവാനും താഴെപ്പറയുന്ന വാഹനങ്ങൾ നിലനിർത്തിക്കൊണ്ട് ബാക്കിയുള്ള എല്ലാ വാഹനങ്ങളും പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന്റെ അനുമതി ലഭിച്ച ശേഷം നിയമപ്രകാരം ലേലം ചെയ്യുവാനും തീരുമാനിച്ചു.

| # | Vehicle No | Maker Class | Type of Vehicle | Year of Manufacture | Year of Registration | Remarks |
|---|---|---|---|---|---|---|
| 1 | KL-50-4850 | Scorpio | Scorpio | 2008 | 15-Apr-08 | 4 Wheeler |
| 2 | KL-50-4705 | MAHINDRA BOLERO | Bolero | 2008 | 24-Mar-08 | 4 Wheeler |
| 3 | KL-50-2650 | CL 550 MD 4 WD | Jeep | 2007 | 27-Apr-07 | 4 Wheeler |
| 4 | KL-50-2644 | CL 550 MD 4 WD | Jeep | 2007 | 27-Apr-07 | 4 Wheeler |
| 5 | KL-50-4521 | TATA SFARI 4 X 4 | TATA SAFARI | 2008 | 16-Feb-08 | 4 Wheeler |
| 6 | KL-50-2655 | CL 550 MD 4 WD | Jeep | 2007 | 27-Apr-07 | 4 Wheeler |

മുകളിൽ പ്രസ്താവിച്ച 22 വാഹനങ്ങളുടെയും നികുതി കുടിശ്ശികയായി 3,29,889 രൂപ മണ്ണാർക്കാട് ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസിൽ 04/12/2019 ന് അടക്കുകയും വാഹനങ്ങളുടെ ഉടമസ്ഥാവകാശം കില ഡയറക്ടർക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഉടമസ്ഥാവകാശം കില ഡയറക്ടറുടെ പേരിലേക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി റി-രജിസ്ട്രേഷൻ നടപടികളുടെ മുന്നോടിയായി വാഹനങ്ങൾ റിപ്പയർ ചെയ്യുകയുണ്ടായി. ആയതിന് 677115/- രൂപ ചെലവായിട്ടുണ്ട്. ഇൻഷുറൻസ് ഇനത്തിൽ ആകെ 62770/- രൂപയും ചെലവായിട്ടുണ്ട്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി ഓഫീസ് ഏകോപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ ഭാഗമായി കിലയിൽ നിന്ന് ഒരു വാഹനം ദൈനംദിന ഔദ്യോഗിക ആവശ്യത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് വിട്ടുനൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2019 തീയതിയിലെ A1/07/2018/പി.ഡി.എൽ. എൽ.എസ്.ജി.ഡി. നമ്പർ കത്ത് കത്തു മുഖാന്തിരം കില ഡയറക്ടർക്ക് നിർദ്ദേശം നൽകി. ടി നിർദ്ദേശ പ്രകാരം കില ഡയറക്ടറുടെ ഉടമസ്ഥതയില്ലുള്ള ഔദ്യോഗിക വാഹനമായ KL-50-4850 നമ്പർ SCORPIO, വാഹനം കൈപ്പറ്റുന്ന തീയതി മുതൽ വാഹനം സംബന്ധിച്ച് എല്ലാവിധ ഉത്തരവാദിത്വങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുമെന്നും ഈ വാഹനം ഏറ്റെടുക്കുന്ന തീയതി മുതൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, തുടർന്നുള്ള ഇൻഷുറൻസ്, ഇന്ധന ചെലവ്, ഡ്രൈവറിന്റെ വേതനം ഉൾപ്പെടെയുള്ള ചെലവുകൾ കില വഹിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ വാഹനം വിട്ടുനൽകിയിട്ടുണ്ട്. ഡയറക്ടറുടെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

മുകളിൽ പ്രസ്താവിച്ച വാഹനങ്ങൾ എല്ലാം തന്നെ ഉപയോഗ യോഗ്യമാണ് എന്നതിനാൽ ആയത് സംബന്ധിച്ച ഉചിത തീരുമാനത്തിനായി സമർപ്പിക്കുന്നു.

തീരുമാനം:

കില ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള മുൻ അഹാഡ്സ്-സിസിപിആർഎം ലെ ഉപയോഗയോഗ്യമായതും കിലക്ക് ആവശ്യമില്ലാത്തതുമായ വാഹനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾക്ക് അവർക്ക് ആവശ്യമെങ്കിൽ കൈമാറുക, ബാക്കിയുള്ള വാഹനങ്ങൾ റെവന്യൂവകുപ്പിന് അവർക്ക് ആവശ്യമെങ്കിൽ കൈമാറുക. അതിന് ശേഷമുള്ളവ പൊതുമരാമത്ത് മെക്കാനിക്കൽ വകുപ്പിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ലേലം ചെയ്യുവാനും തീരുമാനിച്ചു

ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില

# ഐറ്റം നമ്പർ -04

## കില ആസ്ഥാനത്തെ സെക്യൂരിറ്റി കരാറിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

കിലയുടെ സെക്യൂരിറ്റി കരാർ All Kerala Ex-servicemen and Security Force Charitable Trust , Guruvayur നാണ് 2018 ൽ ക്വട്ടേഷൻ വഴിയാണ് ലഭ്യമായത്. അവരുടെ സേവനം തൃപ്തികരമായതിനാൽ 2019 ൽ കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകുകയും ആയത് 4.1.2019 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ഡയറക്ടറുടെ തീരുമാനം സാധൂകരിക്കുന്നതോടൊപ്പം തന്നെ കരാർ തുകയുടെ 10% വർദ്ധനവ് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. പ്രസ്തുത കാലാവധി 31.12.2019 അവസാനിക്കുകയാണ്

സർക്കാരിന്റെ 21.7.2018 തീയതിയിലെ സ.ഉ(അച്ചടി നം) 112/2018/ധന.വകുപ്പിന്റെ ഉത്തരവ് പ്രകാരം പ്രതിമാസ വേതനം 20,300/- രൂപ അനുവദിച്ച് തരുന്നതിനും നിയമനം കാലാവധി 2020 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് തരുന്നതിനുമായി All Kerala Ex-servicemen and Security Force Charitable Trust, Guruvayur സെക്രട്ടറിയുടെ 5.12.2019 ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
പ്രതിമാസം നൽകി വരുന്ന വേതനം സംബന്ധിച്ച് വിശദാംശം താഴെ കൊടുക്കുന്നു.

| # | Duty Point | No. of Guards | Rate per Guard Per Day (Including GST) | Rate for One Month (Including GST) |
|---|---|---|---|---|
| 1 | Main Gate | 8 Hrs x3 = 3 Guards | 534 | 48060 |
| 2 | Aravalli Guest House | 8 Hrs x3 = 3 Guards | 534 | 48060 |
| 3 | SAS | 8 Hrs x3 = 3 Guards | 534 | 48060 |
| 4 | Reliever in Reception | 8 Hrs x2 = 2 Guards | 534 | 32040 |
| 5 | Night Watchman (Admin Block) | 8 Hrs x1 = 1 Guards | 534 | 16020 |
| | TOTAL | | | 192240 |

കരാർ ഒരു വർഷത്തേക്ക് കൂടി പുതുക്കുന്നതിനും നിരക്ക് സംബന്ധിച്ച് തീരുമാനത്തിനുമായി എക്സിക്യൂട്ടീവ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം:

1) All Kerala Ex-servicemen and Security Force Charitable Trust , Guruvayur ന് നിലവിലുള്ള നിരക്കിൽ കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.
2) കില ആസ്ഥാനത്തും മറ്റ് കേന്ദ്രങ്ങളിലും നിലവിലുള്ള ഗസ്റ്റ് ഹൌസുകളുടെ House Keeping, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഉടങ്ങിയ ജോലികൾക്കായി ബിരുദം/ബിരുദാനന്തര ബിരുദം, ഈ മേഖലയിലെ പ്രാവീണ്യം/വൈദഗ്ധ്യം എന്നിവയുള്ളവരെ കുടുംബശ്രീ മിഷൻ മുഖാന്തിരം

നിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഇക്കാര്യത്തിൽ അട്ടപ്പാടിയിലെ ആദിവാസി യുവതീ/യുവാക്കൾ ലഭ്യമാണെങ്കിൽ അവരെയും ഇതിനനുയോജ്യമായ പരിശീലനം നൽകിയ ശേഷം പരിഗണിക്കാവുന്നതാണ്.

ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില

# ഐറ്റം നമ്പർ -05

**കില ഓഡിറ്റോറിയം നവീകരണം – എസ്റ്റിമേറ്റ് തുക അധികരിച്ചത് - സംബന്ധിച്ച്**

2017-18 സാമ്പത്തിക വർഷത്തിലെ സർക്കാർ ധനസഹായം ലഭ്യമായതിൽ 300 ലക്ഷം രൂപ കില ഓഡിറ്റോറിയം നവീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ധനസഹായം മെയ് 2018 ൽ ആണ് ലഭ്യമായിട്ടുള്ളത്.

ഓഡിറ്റോറിയം നവീകരണത്തിന്റെ ഭരണാനുമതി ലഭ്യമായതിൽ 100 ലക്ഷം രൂപ സിവിൽ ആന്റ് അകൗസ്റ്റിക്ക് വർക്കുകൾക്കും 200 ലക്ഷം രൂപ ഇലക്ട്രിക്/ എയർക്കണ്ടീഷൻ/ ഓഡിയോ വീഡിയോ മുതലായവക്കുമാണ്.

